LIBRARY ARCHIVES Kerala Legislative Assembly

(സി) കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ സാമൂഹ്യ അകലം സംബന്ധിച്ച നിർദ്ദേശങ്ങൾ ലംഘിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

കോവിഡ് പ്രോട്ടോക്കോൾ സംബന്ധിച്ച് സർക്കാർ സമയാസമയങ്ങളിൽ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾ കർശനമായും പാലിച്ചുകൊണ്ടാണ് കെ.എസ്.ആർ.ടി.സി. സർവ്വീസ് നടത്തുന്നത്.

(ഡി) പൊതുജനങ്ങളുടെ സുരക്ഷാ കാര്യങ്ങളിൽ കെ.എസ്.ആർ.ടി.സി.-ക്ക് ഇളവെന്തെങ്കിലും അനുവദിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ പകർപ്പ് മേശപ്പുറത്ത് വയ്ക്കുമോ?

ഇളവ് അനുവദിച്ചിട്ടില്ല.

(ഇ) പൊതുജനങ്ങളുടെ സുരക്ഷാകാര്യങ്ങളിൽ ഗവണ്മെന്റിനെ മറികടന്ന് കെ.എസ്.ആർ.ടി.സി. നടപടി ഉണ്ടായിട്ടുണ്ടെങ്കിൽ ഉചിതവും കർശനവുമായ നിയമ നടപടി ബന്ധപ്പെട്ടവർക്കെതിരെ സ്വീകരിച്ചിരുന്നോ; എങ്കിൽ സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ;

(എഫ്) ബോർഡ്/കോർപ്പറേഷനുകൾ ഇത്തരം നടപടികൾ സ്വീകരിക്കാതിരിക്കാൻ ഇക്കാര്യത്തിൽ ആവശ്യമായ നിർദ്ദേശം നല്കുമോ?

കോവിഡ് വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ സർവ്വീസ് ഓപ്പറേഷൻ ക്രമീകരിക്കാൻ കോർപ്പറേഷൻ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയും അതനുസരിച്ച് സർവ്വീസ് നടത്തുകയുമാണ് ചെയ്തുവരുന്നത്.

ആരോഗ്യ വകുപ്പിൻ കീഴിൽ ചികിത്സാ സഹായം

150 (1514) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെകാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിന്റെ കീഴിൽ ചികിത്സാ സഹായം ലഭ്യമാക്കുന്നതിനുള്ള ഏതെല്ലാം പദ്ധതികളാണ് നിലവിലുള്ളത്; അതിന്റെ മാനദണ്ഡങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ?

ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽ പ്രവർത്തിക്കുന്ന സൊസൈറ്റി ഫോർ മെഡിക്കൽ അസിസ്റ്റൻസ് ടു ദി പൂവർ പദ്ധതി മുഖേന മാരകരോഗങ്ങളാൽ അവശത അനുഭവിക്കുന്ന 3 ലക്ഷം രൂപയിൽ താഴെ വാർഷിക വരുമാനമുള്ള നിർദ്ധനരായ രോഗികൾക്ക് സൊസൈറ്റി അംഗീകൃത ആശുപത്രികളിലെ ഡോക്ടർമാരുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ പരമാവധി 50,000 രൂപ വരെ ധനസഹായം നൽകുന്നു.

(ബി) സൊസൈറ്റി ഫോർ മെഡിക്കൽ അസിസ്റ്റൻസ് ടു ദി പൂവർ വഴി ഏതെല്ലാം രോഗങ്ങൾക്ക് ചികിത്സാ സഹായം കൊടുക്കുന്നുണ്ടെന്ന് വിശദമാക്കാമോ?

രോഗങ്ങളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) ഈ സ്കീമിന്റെ മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

മാരകരോഗങ്ങളാൽ അവശത അനുഭവിക്കുന്ന 3 ലക്ഷം രൂപയിൽ താഴെ വാർഷിക വരുമാനമുള്ള നിർദ്ധനരായ രോഗികൾക്ക് സൊസൈറ്റി അംഗീകരിച്ച 15 അംഗീകൃത ആശുപത്രികളിലെ അംഗീകൃത ചികിത്സകൾക്കും ശസ്ത്രക്രിയകൾക്കും ധനസഹായം അനുവദിച്ചുവരുന്നു. കൂടാതെ 8-1-2016-ലെ സ.ഉ.സാധാ നമ്പർ 129/2016 പ്രകാരം 34 ആശുപത്രികളെയും പക്ഷാഘാത ചികിത്സയ്ക്കുവേണ്ടി 17 ആയുർവേദ ചികിത്സാ സ്ഥാപനങ്ങളെയും കൂടി ടി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ഡി) ഈ സ്കീം വഴി എത്ര രൂപവരെ ധസഹായം ലഭിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ?

സൊസൈറ്റി, അംഗീകൃത ആശുപത്രികളുടെ ഡോക്ടർ സാക്ഷ്യപ്പെടുത്തുന്ന തുക പരമാവധി 50,000 രൂപ വരെ ഒറ്റത്തവണ ധനസഹായമായി നൽകിവരുന്നു.

(ഇ) ഏത് ദിവസം വരെ സമർപ്പിച്ച അപേക്ഷകൾക്കാണ് ചികിത്സ സഹായം ലഭ്യമാക്കിയത്; ലഭിച്ച അപേക്ഷകൾക്ക് മുഴുവൻ എത്രയും വേഗം ചികിത്സാ സഹായം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ?

ഫെബ്രുവരി 2020 വരെ ലഭ്യമായ അപേക്ഷകൾക്കാണ് നിലവിൽ ധന സഹായം നൽകിയിട്ടുള്ളത്. പ്ലാൻ ഫണ്ടിൽനിന്നും ലഭ്യമാകുന്ന തുകയ്ക്കനുസരിച്ച് നിലവിലുള്ള അപേക്ഷകൾ തീർപ്പാക്കുവാനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്.

പൂയപ്പള്ളി, പൊഴിക്കര പി.എച്ച്.സി.കളിൽ ആർദ്രം പദ്ധതി

151 (1515) ശ്രീ. ജി. എസ്. ജയലാൽ: താഴെകാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ നിയോജക മണ്ഡലത്തിൽ ആർദ്രം പദ്ധതി അനുവദിച്ചിട്ടുള്ള പൂയപ്പള്ളി, പൊഴിക്കര (പരവൂർ) എന്നീ പി.എച്ച്.സി.-കളിൽ പ്രസ്തുത പദ്ധതി ഇതിനകം ആരംഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

&

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly